# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

**തീയതി:** 25/08/2017 **വിഷയം:** ഉണരുക നാം

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَابِ الْفِيلِ* أَلَمْ يَجْعَلْ كَيْدَهُمْ فِي تَضْلِيلٍ* وَأَرْسَلَ عَلَيْهِمْ طَيْرًا أَبَابِيلَ* تَرْمِيهِم بِحِجَارَةٍ مِّن سِجِّيلٍ* فَجَعَلَهُمْ كَعَصْفٍ مَّأْكُولٍ﴿فيل: ١–٥﴾

➢ സത്യവിശ്വാസിയുടെ ജീവിത വിജയം സൽക്കർമ്മങ്ങളാണ്. വിശ്വാസത്തോടൊപ്പം ആരാധനകൾ കൂടി ഉണ്ടാകുമ്പോഴാണ് പരലോകം രക്ഷപ്പെടുന്നത്. അതുകൊണ്ടാണ് ഈമാനിനോട് സ്വാലിഹായ അമലുകളെ കൂട്ടിച്ചേർത്ത് എപ്പോഴും ഖുർആൻ സംസാരിക്കുന്നത്.

قَدْ أَفْلَحَ الْمُؤْمِنُونَ* الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ ﴿المؤمنون﴾

➢ അക്കൂട്ടത്തിൽ അതുല്യ ദിനങ്ങളാണ് ദുൽഹജ്ജ് ആദ്യ 10 ദിവസങ്ങൾ. മഹത്തായ ആരാധനകളുടെ പൂക്കാലമാണത്. "ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ടം" എന്നാണ് ഈ ദിവസങ്ങളെ നബി (സ്വ) വിശേഷിപ്പിച്ചത്.

عن جابر أن رسول الله (ص) قال: أَفْضَلُ أَيَّامِ الدُّنْيَا اَلْعَشْرُ (يعني: عَشْرَ ذِي الْحِجَّةِ) قِيل: وَلَا مِثْلُهُنَّ فِي سَبِيلِ اللهِ؟ قال: وَلَا مِثْلُهُنَّ فِي سَبِيلِ اللهِ ، إِلاَّ رَجُلٌ عَفَّرَ وَجْهَهُ بِالتُّرَابِ (الترغيب والترهيب)

(=ലോകത്ത് ഏറ്റവും ശ്രേഷ്ടമായ ദിനങ്ങൾ ദുൽ ഹജ്ജ് 10 ദിവസങ്ങളാണ്. അതുപോലെ മറ്റൊന്നില്ലയോ? പറഞ്ഞു: മറ്റൊന്നില്ല. രക്തസാക്ഷിയായാൽ ഒഴിച്ച്)

➢ ലോകമെങ്ങുമുള്ള മുസൽമാന് അഭിമാനമായ ഹജ്ജ് നടക്കുന്ന ദിവസങ്ങളാണത്. ദുൽഹജ്ജ് 8 മുതൽ ലക്ഷങ്ങൾ അണിനിരക്കുന്ന മഹാസംഗമം. ആകാശത്തിന് കീഴെ ഇത്തരം ഒന്ന് ഇസ്‌ലാമിൽ മാത്രമെയുള്ളൂ. മറ്റൊരു മത, ജന, രാഷ്ട്രീയ വിഭാഗങ്ങൾക്കുമില്ല.

➢ അത് പിശാചിനെ മാത്രമല്ല ശത്രുക്കളെയും വിറളിപിടിപ്പിക്കുന്നുണ്ട്. തന്മൂലം വിശുദ്ധ മണ്ണിൽ പ്രശ്നങ്ങളുണ്ടാക്കാൻ പലരും ആഗ്രഹിക്കുന്നു. ചിലർ ശ്രമിക്കുന്നു. കഴിഞ്ഞ വർഷം മദീനാ പുണ്യഭൂമിയിൽ ചാവേർ സ്വയം പൊട്ടിത്തെറിച്ച സംഭവം ലോക മുസ്‌ലിംകളെ ഞെട്ടിച്ചു. സുരക്ഷാപ്രവർത്തകരുടെ ഇടപെടൽ കൊണ്ട് വലിയ അപകടം ഒഴിവായി.

കഴിഞ്ഞമാസം ഹൂതികൾ മക്കയെ ലക്ഷ്യമാക്കി മിസൈൽ വിക്ഷേപിച്ചുവെന്ന് വാർത്ത. മക്കയിൽ നിന്ന് 130 കി.മീ. അകലെ വെച്ച് മിസൈൽ തകർക്കപ്പെട്ടുവെന്ന് വിവരം. ശത്രുക്കൾ എന്ത് ലക്ഷ്യം വെക്കുന്നുവെന്ന് വ്യക്തമാകുന്നു. പക്ഷേ അല്ലാഹു ഇരു ഹറമുകളെയും സംരക്ഷിക്കും. അബ്റഹത്തിനെ തോൽപ്പിക്കാൻ അല്ലാഹുവിന് അബാബീൽ മതിയായിരുന്നു.

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَابِ الْفِيلِ* أَلَمْ يَجْعَلْ كَيْدَهُمْ فِي تَضْلِيلٍ* وَأَرْسَلَ عَلَيْهِمْ طَيْرًا أَبَابِيلَ*

അന്ന് അബ്ദുൽമുത്വലിബ് തന്റെ സ്വത്തുകൾ സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റി. കഅ്ബയെ റബ്ബിനെ ഏൽപ്പിച്ചു. അബ്റഹത്തും അബ്ദുൽ മുത്തലിബും തമ്മിൽ നടന്ന സംഭാഷണം തഫ്സീറുകളിൽ ഇങ്ങനെ കാണാം.

لَقَدْ كُنْتَ أَعْجَبْتَنِي حِينَ رَأَيْتُكَ ، ثُمَّ قَدْ زَهِدْتُ فِيكَ حِينَ كَلَّمْتَنِي ، أَتُكَلِّمُنِي فِي مِائَتَيْ بَعِيرٍ أَصَبْتُهَا لَكَ ، وَتَتْرُكُ بَيْتًا هُوَ دِينُكَ وَدِينُ آبَائِكَ ، قَدْ جِئْتُ لِهَدْمِهِ لَا تُكَلِّمُنِي فِيهِ . قَالَ لَهُ عَبْدُ الْمُطَّلِبِ : إِنِّي أَنَا رَبُّ الْإِبِلِ ، وَإِنَّ لِلْبَيْتِ رَبًّا سَيَمْنَعُهُ (قرطبي)

(=അബ്റഹത്ത് പറഞ്ഞു. ഞാൻ നിങ്ങളെ ക  പ്പോൾ എനിക്ക് അൽഭുതം തോന്നി. നിങ്ങൾ സംസാരിച്ച് തുടങ്ങിയപ്പോൾ എനിക്ക് നിങ്ങളുടെ സ്വത്തിൽ മോഹമില്ലാതയായി. ഞാൻ പിടിച്ചെടുത്ത നിങ്ങളുടെ ഇരുന്നൂറ് ഒട്ടകങ്ങളെ കുറിച്ച് നിങ്ങളെ

ന്നോട് സംസാരിക്കുന്നു. നിങ്ങളുടെയും പിതാക്കളുടെയും മത കേന്ദ്രമായ കഅ്ബയെ പൊളിക്കാൻ ഞാൻ വന്നിട്ടും അതിനെ കുറിച്ചൊന്നേ നിങ്ങൾ സംസാരിക്കാത്തത്?. അബ്ദുൽ മുത്വലിബ് പറഞ്ഞു: ഒട്ടകം എന്റെതാണ്. അതുകൊ ാണ് അതിനെ കുറിച്ച് ഞാൻ സംസാരിക്കുന്നത്. കഅ്ബ അല്ലാഹുവിന്റെതാണ്. അതവൻ സംരക്ഷിച്ചുകൊള്ളും.)

ഇന്നും അല്ലാഹുവിന് അത് രക്ഷിക്കാൻ കഴിയും. ഹാജിമാർക്കും മറ്റും ഹാനിവരാതെ നാം പ്രാർത്ഥനാനിരതരാകണം. അവർക്ക് വേണ്ടിയുള്ള പ്രാർത്ഥന നമുക്ക് അവരുടെ പ്രാർത്ഥന ലഭിക്കാൻ കാരണമാകും.

عَنْ أَبِي هُرَيْرَةَ رَضِيَ الله عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ:...وَاللَّهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ.(مسلم)

ഹാജിമാരോടൊപ്പം നാം നമ്മുടെ നാടിന് വേണ്ടി പ്രാർത്ഥനാനിരതരാകുകയും ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യേണ്ടതു ണ്ട്. പറവൂർ വിസ്ഡം പ്രവർത്തകർക്കെതിരെയുണ്ടായ കയ്യേറ്റം വിശദീകരിക്കുക. ജനാധിപത്യ രീതിയിൽ ആശയ പ്രചരണത്തെ തടഞ്ഞു, യു.പി.മോഡൽ ആൾക്കൂട്ട മർദ്ദനം നടത്തി എന്നിവക്ക് പുറമേ നിയമപാലകർ ഇരകൾക്കെതിരെ ജാമ്യം നിഷേധിക്കുന്ന വകപ്പുകൾ ചുമത്തുകയും വേട്ടക്കാർക്ക് അനുകൂലമായ നയം സ്വീകരിക്കകയും ചെയ്തു. കേരളത്തിൽ പോലും ഇതാണ് അവസ്ഥ. ഇതിനെതിരെ നിയമപരമായി നാം പ്രതികരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇനിയും ആവർത്തിച്ചേക്കാം.

➢ ഈ പുണ്യ ദിനങ്ങളിൽ നമുക്ക് ചില കാര്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. മുൻഗാമികൾ അങ്ങിനെയായിരുന്നു.

كَانَ سَعِيدُ بْنُ جُبَيْرٍ إِذَا دَخَلَ أَيَّامُ الْعَشْرِ ، اجْتَهَدَ اجْتِهَادًا شَدِيدًا حَتَّى مَا يَكَادُ يَقْدِرُ عَلَيْهِ (دارمي،بيهقي)

(=തന്നെക്കൊണ്ട് അസാധ്യമാകുമാർ കടുത്ത പരിശ്രമങ്ങൾ നടത്തുമായിരുന്നു.)

1) നാം നന്ദിയുള്ളവരാകണം. ഇത്ര പുണ്യമേറിയ നാളുകളിൽ ആയുസും ആരോഗ്യവും നൽകിയ നാഥനോട് നന്ദി കാണിക്കണം. അഥവാ ഈ ദിവസങ്ങളെ കുറിച്ച് ഉയർന്ന ആദരവ് പുലർത്തണം. കഴിയുന്ന നന്മ ചെയ്യണം. തിന്മകളിൽ നിന്ന് വിട്ടു

നിൽക്കണം. ഈ ദിനങ്ങളിലും തിന്മ ചെയ്യുന്നത് കടുത്ത നന്ദി കേടാകും.

2) സാധിക്കുന്നവർ ദുൽഹജ്ജ് 9 വരെ നോമ്പുകാരാകണം. ഖളാ ഉള്ളവർ അവ വീട്ടണം. നബി(സ്വ) ഈ ദിവസങ്ങളിൽ നോമ്പെ ടുക്കുമായിരുന്നു.

عَنْ هُنَيْدَةَ بْنِ خَالِدٍ عَنْ امْرَأَتِهِ عَنْ بَعْضِ أَزْوَاجِ النَّبِيِّ (ص) قَالَتْ : كَانَ النَّبِيُّ (ص) يَصُومُ الْعَشْرَ وَثَلَاثَةَ أَيَّامٍ مِنْ كُلِّ شَهْرٍ (نسائي)

അക്കൂട്ടത്തിൽ പ്രബലമാണ് അറഫാനോമ്പ്. അത് പാപമോചന ത്തിനും ആയുസ് വർദ്ധനവിനും കാരണമാകും.

عنْ أَبِي قَتَادَةَ الْأَنْصَارِيِّ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ (ص) سُئِلَ عَنْ صَوْمِ يَوْمِ عَرَفَةَ فَقَالَ يُكَفِّرُ السَّنَةَ الْمَاضِيَةَ وَالْبَاقِيَةَ (مسلم)

വരും വർഷത്തെ പാപം പൊറുപ്പിക്കും എന്ന വാക്കിൽ നിന്ന് ഒരു വർഷം കൂടി ആയുസ് ലഭിക്കുമെന്ന സൂചയുെ ന്ന് ഉലമാ ക്കൾ പറഞ്ഞിരിക്കുന്നു.

3) ഈ ദിവസങ്ങളിൽ ദിക്റുകളെ വർദ്ധിപ്പിക്കണമെന്ന് നബി ( സ്വ) പ്രത്യേകം കൽപ്പിച്ചിട്ടുണ്ട്.

عَنِ ابْنِ عُمَرَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :مَا مِنْ أَيَّامٍ أَعْظَمُ عِنْدَ اللَّهِ وَلَا أَحَبُّ إِلَيْهِ الْعَمَلُ فِيهِنَّ مِنْ أَيَّامِ عَشْرِ ذِي الْحِجَّةِ فَأَكْثِرُوا فِيهِنَّ مِنَ التَّسْبِيحِ وَالتَّكْبِيرِ وَالتَّحْمِيدِ وَالتَّهْلِيلِ(أحمد)

(= ദുൽഹജ്ജ് 10 ദിവസങ്ങളേക്കാൾ അല്ലാഹുവിന് പ്രിയങ്കരവും ആദരണീയവുമായ ദിവസങ്ങളില്ല. അതിൽ നിങ്ങൾ ദിക്ർ, തസ് ബീഹുകളെ വർദ്ധിപ്പിക്കുക)

4) അറഫ രാവിനെ ഹയാത്താക്കുക.

ഈ രാവിനെഹയാത്താക്കണമെന്ന് സ്വഹാബാക്കളിൽ ചിലരും പല മഹാണ്ഡിതന്മാരും ഉപദേശിച്ചിട്ടുണ്ട്. ദുആഇന് വളരെയേ റെ സ്വീകാര്യത ഉള്ള ദിവസമാണത്.

5). ദുൽഹജ്ജ് 1 മുതൽ 10 വരെ ഉള്ഹിയ്യ മൃഗങ്ങളെ കാണു മ്പോൾ തക്ബീർ ചൊല്ലൽ സുന്നത്താകുന്നു. ഇവയെല്ലാം പൂർ ത്തിയാക്കണം. ഒരു സുന്നത്ത് ഹയാത്താക്കുന്നത് ഇക്കാലത്ത് വലിയ കാര്യമാണ്. ■